# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 20.07.2026**

## പ്രധാനവാർത്തകൾ

1. പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിന്റെ ആദ്യ ദിനം പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇരുസഭകളിലും നടപടികൾ തടസ്സപ്പെട്ടു.
2. ഇറാനിലെ സംഘർഷാവസ്ഥ കണക്കിലെടുത്ത് ഇന്ത്യൻ പൗരന്മാർക്ക് ജാഗ്രതാ നിർദ്ദേശം നൽകി കേന്ദ്ര സർക്കാർ.
3. നെന്മാറ ഇരട്ടക്കൊലപാതക്കേസിൽ പ്രതി ചെന്താമരയ്ക്ക് വധശിക്ഷയും 20 ലക്ഷം രൂപ പിഴയും വിധിച്ച് പാലക്കാട് അഡീഷനൽ സെഷൻസ് കോടതി.
4. കണ്ണൂർ അഞ്ചരക്കണ്ടി ദന്തൽ കോളേജ് വിദ്യാർത്ഥി ആത്മഹത്യ ചെയ്ത സംഭവത്തിൽ അധ്യാപകൻ ഡോ. എം കെ റാം അറസ്റ്റിൽ.
5. സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലെ കരട് വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കും.
6. കേരളത്തിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത. മൂന്ന് ജില്ലകളിൽ മഞ്ഞ ജാഗ്രത.

RNU TVPM

## വർഷകാല സമ്മേളനം

പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിന് തുടക്കമായി. പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇരുസഭകളിലും നടപടികൾ തടസ്സപ്പെട്ടു. സുപ്രീം കോടതി ജഡ്ജിമാരുടെ എണ്ണം സംബന്ധിച്ച ഭേദഗതി ബിൽ 2026 ലോക്സഭയും, ദേശീയ ബഹുമതികളെ അവഹേളിക്കുന്നത് തടയൽ (ഭേദഗതി) ബിൽ 2026 രാജ്യസഭയും പരിഗണിക്കും. ജനന-മരണ രജിസ്ട്രേഷൻ (ഭേദഗതി) ബിൽ, ആദായനികുതി (ഭേദഗതി) ബിൽ, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസന (ഭേദഗതി) ബിൽ 2026 എന്നിവയും വർഷകാല സമ്മേളനത്തിൽ ചർച്ച ചെയ്തേക്കും. അടുത്ത മാസം 13 വരെ 19 ദിവസം ഇരുസഭകളും സമ്മേളിക്കും.

## പ്രധാനമന്ത്രി - പാർലമെൻറ് (ഇൻട്രോ)

രാജ്യത്തിൻറെ യുവതലമുറയുടെ പ്രതിഭയും ആഗ്രഹങ്ങളും ബഹിരാകാശം പോലെ അനന്തമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പാർലമെൻറിന് പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്വകാര്യ വിക്ഷേപണ രംഗത്ത് യുവ ഇന്ത്യൻ സ്റ്റാർട്ടപ്പ് ആദ്യമായി കൈവരിച്ച നേട്ടം അഭിമാനകരമാണെന്നും പ്രധാനമന്ത്രി വിശേഷിപ്പിച്ചു.

(വോയിസ്)

## ഇറാൻ - ജാഗ്രതാ നിർദ്ദേശം

ഇറാനിലെ സംഘർഷാവസ്ഥ കണക്കിലെടുത്ത് ഇന്ത്യൻ പൗരന്മാർക്ക് ജാഗ്രതാ നിർദ്ദേശം നൽകി കേന്ദ്ര സർക്കാർ. നിലവിലെ സാഹചര്യം മെച്ചപ്പെടുന്നതുവരെ ഇറാനിലേക്കുള്ള യാത്ര താൽക്കാലികമായി മാറ്റിവയ്ക്കണമെന്ന് ഇന്ത്യൻ എംബസി മുന്നറിയിപ്പ് നൽകി. എന്നാൽ ഇറാനിൽ തുടരാൻ

RNUTVPM

തീരുമാനിക്കുന്ന പൗരന്മാർ പരമാവധി ജാഗ്രത പാലിക്കണമെന്നും നിർദ്ദേശിച്ചു. എംബസിയുടെ ഔദ്യോഗിക വെബ്സൈറ്റും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളും പതിവായി പരിശോധിക്കണമെന്നും നിർദേശം നൽകിയിട്ടുണ്ട്.

## പിഎസ്‌സി യോഗം

പിഎസ്‌സിയുടെ നിർണായക യോഗം തിരുവനന്തപുരത്ത് ചേർന്നു. ചോദ്യപേപ്പർ മാറിയതിനെ തുടർന്ന് പരീക്ഷ റദ്ദാക്കിയ സംഭവവുമായി ബന്ധപ്പെട്ട നടപടികളും ചർച്ചാ വിഷയമായി. പരീക്ഷാ ക്രമക്കേടിലെ അന്വേഷണങ്ങൾക്കിടെയാണ് യോഗം.

RNUTVPM

## പുനരധിവാസ പദ്ധതി

വയനാട് വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ വാളാരംകുന്ന് ഉന്നതിയിൽ പുനരധിവാസ പദ്ധതി പ്രകാരം പൂർത്തീകരിച്ച വീടുകൾ മന്ത്രി എ.പി അനിൽകുമാർ ഇന്ന് കൈമാറും. റവന്യൂ-ട്രൈബൽ വകുപ്പുകൾ സംയുക്തമായി നടപ്പാക്കിയ പദ്ധതിയിൽ പൂർത്തീകരിച്ച 27 വീടുകളാണ് ആദ്യഘട്ടത്തിൽ കൈമാറുന്നത്.

## നെന്മാറ ഇരട്ടക്കൊല

പാലക്കാട് നെന്മാറ ഇരട്ടക്കൊലക്കേസ് പ്രതി ചെന്താമരയ്ക്ക് വധശിക്ഷ വിധിച്ച് പാലക്കാട് അഡീഷണൽ സെഷൻസ് കോടതി. 20 ലക്ഷം പിഴയടക്കണമെന്നും ഈ തുക കൊല്ലപ്പെട്ട സുധാകരൻ്റെ മക്കൾക്ക് നൽകണമെന്നും കോടതി ഉത്തരവിട്ടു. 2025 ജനുവരിൽ പോത്തുണ്ടി സ്വദേശികളായ സുധാകരൻ, അമ്മ ലക്ഷ്മി എന്നിവരെ

കൊലപ്പെടുത്തിയ കേസിലാണ് വിധി. സുധാകരന്റെ ഭാര്യ സജിതയെ കൊലപ്പെടുത്തിയ കേസിൽ ഇതേ കോടതി നേരത്തേ വിധിച്ച ഇരട്ട ജീവപര്യന്തം ശിക്ഷ അനുഭവിച്ചുവരികയായിരുന്നു പ്രതി

❁❁❁❁❁❁❁❁❁❁❁❁❁

## നിതിൻ രാജ്

കണ്ണൂർ അഞ്ചരക്കണ്ടി ദന്തൽ കോളേജ് വിദ്യാർത്ഥി നിതിൻ രാജ് ആത്മഹത്യ ചെയ്ത സംഭവത്തിലെ ഒന്നാം പ്രതി അധ്യാപകൻ ഡോ. എം കെ റാമിനെ അന്വേഷണ സംഘം അറസ്റ്റ് ചെയ്തു. കർണാടകയിലെ കുടകിൽ നിന്നാണ് ഇയാളെ പിടികൂടിയത്. കണ്ണൂർ ക്രൈം ബ്രാഞ്ച് ഓഫീസിൽ നിന്ന് മൊഴിയെടുത്ത ശേഷം റാമിനെ തലശേരി കോടതിയിൽഹാജരാക്കും. പ്രതിയുടെ മുൻകൂർ ജാമ്യാപേക്ഷ സുപ്രീം കോടതി നേരത്തെ തള്ളിയിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## സി എ ജി - മത്സരം

ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ചുമായി സഹകരിച്ച്, കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ കാര്യാലയം യുവ ഗവേഷകർക്കായി രാജ്യവ്യാപകമായി ഗവേഷണ പ്രബന്ധ മത്സരം സംഘടിപ്പിക്കുന്നു. സി.എ.ജി ഓഡിറ്റ് റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി ഗവേഷണം നടത്തുന്നതിന് വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം.

❁❁❁❁❁❁❁❁❁❁❁❁❁

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തി'ന്റെ 136-ാം

RNUTVPM

പതിപ്പ് ഈ മാസം 26-ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും NaMo App, MyGov എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## സെൻസസ്

സെൻസസ് 2027-ന്റെ ഭാഗമായുള്ള വിവരശേഖരണം സംസ്ഥാനത്ത് പുരോഗമിക്കുന്നു. ഈ മാസം 30 വരെയാണ് എന്യൂമറേറ്റർമാരുടെ ഭവന സന്ദർശനം. വീടുകളുടെ സെൻസസും പട്ടികപ്പെടുത്തലുമാണ് ഈ ഘട്ടത്തിൽ നടക്കുന്നത്. അടുത്ത വർഷം ഫെബ്രുവരിയിലാണ് ജനസംഖ്യ കണക്കെടുപ്പ്.

❁❁❁❁❁❁❁❁❁❁❁❁❁

## വോട്ടർപട്ടിക

സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലെ കരട് വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കും. അന്തിമ പട്ടിക ഓഗസ്റ്റ് 19 ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കും. 2026 ജനുവരി ഒന്നിനോ അതിനു മുൻപോ 18 വയസ്സ് തികഞ്ഞവർക്ക് വോട്ടർ പട്ടികയിൽ പേര് ചേർക്കാവുന്നതാണ്. sec.kerala.gov.in വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## മലബാർ റിവർ ഫെസ്റ്റ് (ഇൻട്രോ)

ഏഷ്യയിലെ ഏറ്റവും വലിയ വാട്ടർ കയാക്കിങ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവലിന് മുന്നോടിയായുള്ള പ്രീ-ഇവന്റുകൾക്ക് കോഴിക്കോട് തുടക്കമായി. ഇതിൻറെ ഭാഗമായി താമരശേരി ചുരത്തിൽ ഇന്ന് മഴ നടത്തം

RNUTVPM

സംഘടിപ്പിച്ചിട്ടുണ്ട്. ഈ മാസം 30 മുതൽ ഓഗസ്റ്റ് രണ്ട് വരെയാണ് മലബാർ റിവർ ഫെസ്റ്റിവൽ.

**ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്......**

**(വോയ്സ്)**

❁❁❁❁❁❁❁❁❁❁❁❁❁

മഴ

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും ഇന്ന് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

❁❁❁❁❁❁❁❁❁❁❁❁❁

ആറന്മുള വള്ള സദ്യ (ഇൻട്രോ)

പ്രസിദ്ധമായ ആറന്മുള വള്ള സദ്യയിൽ പങ്കെടുക്കാൻ പാക്കേജുമായി കെ.എസ്.ആർ.ടി.സി. പഞ്ചപാണ്ഡവ ക്ഷേത്ര ദർശനത്തോടൊപ്പം വള്ളസദ്യ കഴിച്ച് മടങ്ങാനും അവസരമുണ്ടാകും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി.എസ്.ശ്രീധർ...**

**(വോയ്സ്)**

❁❁❁❁❁❁❁❁❁❁❁❁❁

പി ഐ ബി ഫാക്ട് ചെക്ക്

കേന്ദ്രവാർത്താവിതരണ-പ്രക്ഷേപണ മന്ത്രാലയത്തിന്റെ പുതിയ കരട് ചട്ടങ്ങൾ രാജ്യത്തെ ടെലിവിഷൻ സേവനങ്ങൾ നിർത്തിവയ്ക്കുന്നതുമായി ബന്ധപെട്ടുള്ളതാണെന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകൾ നിഷേധിച്ച് കേന്ദ്ര സർക്കാർ. ഇത്തരം പ്രചരണങ്ങൾ

RNU TVPM

വ്യാജമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധന വിഭാഗം അറിയിച്ചു .

## ലോകകപ്പ് കിരീടം സ്പെയിൻ

ഫിഫ ലോകകപ്പിൽ ഫൈനലിൽ അർജന്റീനയെ ഏകപക്ഷീയമായ ഒരു ഗോളിന് തോൽപ്പിച്ച് സ്പെയിൻ രണ്ടാം കിരീടം സ്വന്തമാക്കി. എക്സ്ട്രാ ടൈമിലേക്ക് നീണ്ട മത്സരത്തിൽ ഫെറാൻ ടോറസാണ് വിജയഗോൾ നേടിയത്. 2010-ൽ ദക്ഷിണാഫ്രിക്കയിൽ കിരീടമുയർത്തി ഒന്നരപ്പതിറ്റാണ്ടിനു ശേഷമാണ് സ്പെയിൻ വീണ്ടും ലോക ചാമ്പ്യൻമാരായത്. റോഡ്രിയാണ് ടൂർണമെന്റിലെ മികച്ച താരം. പത്ത് ഗോളുകളുമായി കിലിയൻ എംബാപ്പെ ഗോൾഡൻ ബൂട്ട് നിലനിർത്തി. ഉനായ് സിമോൺ മികച്ച ഗോളിയും പൗ കുബാർസി മികച്ച യുവതാരത്തിനുള്ള പുരസ്കാരവും നേടി.

RNU TVPM

## ക്രിക്കറ്റ്

ലണ്ടനിലെ ലോർഡ്സിൽ നടന്ന മൂന്നാം ഏകദിന ക്രിക്കറ്റിൽ ഇന്ത്യയ്ക്കെതിരെ ഇംഗ്ലണ്ടിന് 27 റൺസ് വിജയം. ഇതോടെ മൂന്നു മത്സരങ്ങളടങ്ങിയ ഏകദിന പരമ്പര 2–1ന് ഇംഗ്ലണ്ട് സ്വന്തമാക്കി. ഇംഗ്ലണ്ട് ഉയർത്തിയ 388 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യയുടെ ഇന്നിങ്സ് 50 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 360 റൺസിൽ അവസാനിച്ചു. ജേക്കബ് ബെഥേലാണ് കളിയിലെ കേമൻ. ജോ റൂട്ടാണ് മാൻ ഓഫ് ദി സീരീസ്.

## അന്താരാഷ്ട്ര ചെസ്സ് ദിനം

ഇന്ന് അന്താരാഷ്ട്ര ചെസ്സ് ദിനം. 1924-ൽ . FIDE സ്ഥാപിതമായതിന്റെ സ്മരണയ്ക്കാണ് എല്ലാ വർഷവും ജൂലൈ 20 ആഗോള ചെസ്സ്ദിനമായി ആചരിക്കുന്നത്.

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 604 പോയിൻറ് ഇടിഞ്ഞ് 77,551 ലും നിഫ്റ്റി 152 പോയിൻറ് താഴ്ന്ന് 24, 179 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണവിലയിൽ വർദ്ധന. പവന് 120 രൂപ കൂടി ഒരു ലക്ഷത്തി 5,200 രൂപയും ഗ്രാമിന് 13,150 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM